**സ്ഥിരമായി ഹദ്ദാദ് റാതീബ് ചൊല്ലി വരുന്ന ശിഹാബുദ്ധീൻ എന്ന സഹോദരന്റെ ഒരനുഭവമാണ് ഈ കുറിപ്പിലൂടെ ഇസ്‌ലാം കേരള സന്ദർശകരുമായി പങ്ക് വെക്കുന്നത്. ഹദ്ദാദിലെ ഒരോ ദിക്റുകൾക്കും ഒട്ടേറെ ഫലങ്ങളുണ്ട്. അതിൽ പെട്ട ഒരു ദിക്റ് ആണ്** أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ **ഇത് പതിവാക്കിയതിന്റെ പേരിലാവാം സുഹൃത്തിന് അദ്ദേഹം അറിയാത്ത ഭാഗത്തിൽ കൂടി അല്ലാഹു കാവൽ നൽകിയത്.**

**ഹദ്ദാദ് പതിവാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് ചെയ്യുകയും അത് കാരണമായി ഇഹത്തിലും പരത്തിലും നമുക്കുണ്ടാവുന്ന സർവ്വ പ്രയാസങ്ങളും അല്ലാഹു നീക്കിത്തരുകയും ചെയ്യട്ടെ. ആമീൻ.**

ഏകദേശം പത്തു വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു അനുഭവം ഇസ്ലാം കേരള സന്ദർശകരുമായി പങ്കു വെക്കാന് ഞാന് ആഗ്രഹികുകയാണ്, പരിശുദ്ധ ഇസ്ലാമിന്റെ യഥാർത്ഥ രൂപം ജനമാനസ്സുകളിലെതിക്ക്കുന്നതില് ഇസ്ലാം കേരള വഹിക്കുന്ന പങ്കു ശ്ലാഘനീയമാണ്.

പാല്കാട് ജില്ലയിലെ തൃത്താല. അവിടെ നിന്നും ഏകദേശം ഒരു കിലോമീടര് സഞ്ചരിച്ചാല് അത്താനിക്കല് എന്ന ഒരു പ്രദേശമുണ്ട്. നിളാ നദിയുടെ തീരമാണ്, നിളയുടെ മണല് തരികളെ തലോടിയെതുന്ന ഇളം കാറെടു തലയുയർത്തി നിൽകുന്ന അതാനികല് മസ്ജിദ്.

ഞാന് അവിടെ സേവനം ചെയ്യുന്ന കാലം, മദ്രസയില് അധ്യാപകനായും പള്ളിയില് ഇമാമായും .മാനൂര് സ്വാദേശി മുഹമ്മദ് അലി രഹമാനി അന്നെന്റെ സഹ പ്രവർത്തകനാണ്.

വേനല് കാലം അതിന്റെ മൂര്ധന്യ ദശയിലെത്തി നിൽകുന്ന ഘട്ടം, ഞങ്ങൾക്ക് താമസികാനുള്ള റൂം വളരെ ചെറുതായതിനാല് രാത്രിയുറക്കം പള്ളിയിലായിരുന്നു പതിവ്. എലക്ട്രികു ഫാനിന്റെ പ്രവർത്തനം ഒരു പരിധി വരെ ഞങ്ങളെ മയക്കി ഉറക്കുന്നു. ഞങ്ങള് നല്ല ഉറക്കത്തിലാണ് , സദാ ഞങ്ങലോടോന്നിച്ചുണ്ടാവുന്ന ആ നാട്ടുകാരന് കബീറും അന്ന് ഞങ്ങലോടോപ്പമുട്. വാതില് മുട്ടുന്ന ശബ്ദം കേട്ടാണ് ഞാനുനരുന്നത്, അടുത്തിരിക്കുന്ന അലാറം ക്ലോക്കിന്റെ നെറുകയില് കയ്യമാർത്തിയപ്പോള് അത് പ്രകാശിച്ചു. സമയം രണ്ടു മണി. ഞാന് എഴുനേറ്റു, ജനല് ചില്ലിളുടെ പുറത്തേക്ക് നോകിയപ്പോള് സ്ട്രീറ്റ് ലൈറ്റിന്റെ അരണ്ട വെളിച്ചത്തില് ആളെ ഒരു വിധം വ്യക്തമായി , ഇതു ഞാനാ ..... സിദ്ധിക്ക് ...ഇതു കുടി കേടപോള് സുവ്യക്തമായി.ഞാന് വാതില് തുറന്നു അവന് പള്ളിക്കകത്ത് കയറി, അപ്പോഴും പള്ളിക്ക് അകത്തെ ലൈടിട്ടിരുന്നില്ല. അവനുമായി സംസാരികുന്നതിനിടയില് ഞാന് ലൈറ്റ് ഓണ് ചെയ്തു.

അത്ഭുതം ' വെളിച്ചം പരന്ന അമ്പരപ്പില് ഒരു പാമ്പ് തലയുയർത്തി

നില്കുന്നു, പാതി ഉറക്കത്തിലും ഉണര്ച്ചയിലുമായി കിടന്നിരുന്ന മറ്റു രണ്ടു പേര് പിടഞ്ഞെനീടു, ആകെ അമ്പരന്ന സര്പതിനു നേരെ ഞാന് എന്റെ പുതപ്പ് എറിഞ്ഞതിനാല് പാമ്പ് അതിനുള്ളില് പെട്ട് പോയി, അതിനു ആക്രമണ ശേഷി നഷ്ടപെട്ടു...

ഏതായാലും നാല് പേരും ചേര്ന്ന് പാമ്പിനെ വകവരുതിയെന്കിലും പിന്നീട് ഞങ്ങൾക്ക് ഉറങ്ങാന് കഴിഞ്ഞില്ല...

ഒരു സുഹൃത്തിന്റെ ഹജ്ജ് യാത്ര അയപ്പ് കഴിഞ്ഞു തിരിച്ചു വരുന്നതിനിടെ ഞങ്ങളുടെ അടുത്ത് തങ്ങി പിറ്റേ പ്രഭാതത്തില് യാത്ര തിരിക്കാംഎന്നു എന്റെ സുഹൃത്ത് ചിന്തിച്ചി ല്ലായിരുന്നെന്കില് ........?

സ്ഥിരമായി ഹദ്ദാദു രാതീബ് ചൊല്ലുന്ന പതിവുണ്ടായിരുന്നതിനാലാവാം പടച്ചവന് സുഹൃത്ത് സിദ്ദീകിനെ ഒരു രക്ഷകന്റെ രൂപത്തില് അവിടെ എത്തിച്ചത് എന്ന് ഞാനുറച്ചു വിശ്വസിക്കുന്നു.....

പ്രിയ മക്കള് സമീഹ യുടെയും സനിഹ യുടെയം മുഖത്ത് നോക്കി ഞാന് പറയാറുണ്ട് "അന്നുപ്പാക്ക് ആ സര്പ ദംശനം എടിരുന്നെന്കില് മക്കള് ഈ ഭുലോകം കാണില്ലായിരുന്നു.... എന്ന്...


ശിഹാബുദ്ധീന് പെരുമ്പിലാവ്

abusaneeha@gmail.com

ഷാര്ജ , യു എ ഇ


=======


# www.islamkerala.com

E-mail : abdulla_cherumba@yahoo.com

Mobile : 00 971 50 7927429